# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3129

03/04/2013 - ലെ മറുപടിയ്ക്ക്

### വരൾച്ച നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. എ. ബേബി<br>ശ്രീ. ബി. സത്യൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനു ശേഷം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | **(എ)** വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനു ശേഷം കൃഷി വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വരൾച്ചയുടെ കണക്കുകൾ ശേഖരിക്കുകയും എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കുകയും പ്രസ്തുത വിവരങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>വരൾച്ച സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തുവാൻ കേന്ദ്ര സംഘം സംസ്ഥാനത്തെ തെരഞ്ഞെടുത്ത ജില്ലകളിൽ (പാലക്കാട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട, കോട്ടയം) സന്ദർശനം നടത്തിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള അപേക്ഷകൾ കൃഷി ഭവൻ വഴി സ്വീകരിച്ചു വരുന്നു. പൂർണ്ണമായും നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 15,240 കിലോ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്.<br><br>വരൾച്ച നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വരൾച്ചാ ദുരിതാശ്വാസ |

പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് വിവിധ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാതല അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയുടെയും **പ്രാ**ധാന്യമനുസരിച്ചുള്ള കുടിവെള്ള വിതരണ / ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നു. അതോടൊപ്പം വാട്ടർ അതോറിറ്റി, ഭൂജല വകുപ്പുകളുടെ പദ്ധതികൾ അതാത് വകുപ്പു മുഖേന നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങളും കളക്ടർമാർ നൽകി വരുന്നു. സംസ്ഥാനത്തെ ഭൂജല വിതാനവും ഡാമുകളിലെ ജലനിരപ്പും നിരീക്ഷണത്തിന് വിധേയമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഭൂജല വകുപ്പിനും വൈദ്യുതി ബോർഡിനും നൽകിയിട്ടുണ്ട്.

എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുനക്രമീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കുടിവെള്ള / വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി. ആർ.എഫ് - ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂഗർഭ വകുപ്പ് എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കേണ്ട കുടിവെള്ള വിതരണം, താൽക്കാലിക തടയണ നിർമ്മാണം, കുഴൽകിണറുകളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കും അതാതു വകുപ്പുകളിൽ നിന്നും അനുമതി നൽകാൻ തീരുമാനിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.. അതോടൊപ്പം കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പു പദ്ധതയിൽ ഉൾപ്പെടുത്തി ചെയ്യാൻ തദ്ദേശ സ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| **(ബി)** വരൾച്ചയെ അഭിമുഖീകരിക്കുവാൻ ഹ്രസ്വകാല ദീർഘകാല പദ്ധതികൾ അടങ്ങുന്ന പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; | **(ബി)** വരൾച്ചമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കൃഷി ശാസ്ത്രജ്ഞരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി 07/01/2013 - ൽ കൃഷി ഡയറക്ടറുടെ |

അദ്ധ്യക്ഷതയിൽ കൂടുകയും ഹ്രസ്വകാല-ദീർഘകാല നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പൽ കൃഷി ആഫീസർമാരോട് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട് .

| | | | |
|---|---|---|---|
| **(സി)** | നിലവിലുള്ള രീതിയിൽ നിന്നും വ്യത്യസ്തമായി വിളകളുടെ നഷ്ടം കണക്കാക്കുന്നതിന് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തുന്ന രീതി സ്വീകരിക്കാൻ തയ്യാറാകുമോ; | **(സി)** | നിലവിൽ ഉൽപ്പാദന ചെലവ് പരിഗണിച്ച് അതിന്റെ ഒരു വിഹിതമാണ് ധനസഹായമായി നൽകി വരുന്നത്. |
| **(ഡി)** | സംസ്ഥാനത്തെ വരൾച്ചയെ സംബന്ധിച്ച് പഠിക്കാൻ എത്തിയ കേന്ദ്രസംഘത്തിന് മുന്നിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചു ? | **(ഡി)** | കൃഷിനാശം ഉൾപ്പെടെയുള്ള വരൾച്ചാനാശനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ 7888.09 കോടിയുടെ ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചതിനെ തുടർന്നാണ് മാർച്ച 18 മുതൽ 21 വരെ കേന്ദ്രസംഘം വരൾച്ച ബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തിയത്. |

സെക്ഷൻ ഓഫീസർ